# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4286 17.12.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

### നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ രക്ത സാമ്പിളുകൾ ശേഖരിക്കാനുള്ള സാമ്പിൾ കളക്ഷൻ ഫോമും പരിശോധനാ കിറ്റുകളും ലഭ്യമല്ലാത്തതിനാൽ നിലവിൽ നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന സംസ്ഥാന വ്യാപകമായി മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാന വ്യാപകമായി മുടങ്ങുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നുള്ള വിതരണം ലഭ്യമല്ലാതിരുന്നതിനെ തുടർന്ന് നവംബർ അവസാന വാരം എസ്.എ.റ്റി. ആശുപത്രിയിൽ സാമ്പിൾ കളക്ഷൻ ഫോമുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. |
| (ബി) | എങ്കിൽ നവജാത ശിശുക്കളിലെ ഏതെല്ലാം ജനിതക വൈകല്യങ്ങൾ കണ്ടെത്താനാണ് സൗജന്യ പരിശോധന സർക്കാർ ആശുപത്രികളിൽ നൽകുന്നത് ; ഇത്തരത്തിൽ ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര നവജാത ശിശുക്കൾക്ക് ഇത്തരത്തിലുള്ള പരിശോധന നടത്തുകയുണ്ടായി ; വർഷം തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | നിയോനാറ്റൽ റ്റി.എസ്.എച്ച്, 17 ഒ.എച്ച്.പി. എലീസ്സ, ജി6 പി.ഡി.ഡെഫിഷൻസി, ഫി നൈൽകീറ്റോണറിയ എന്നീ വൈകല്യങ്ങൾ കണ്ടെത്താനാണ് ഈ പരിശോധന നടത്തുന്നത്.<br>1,01,314 ടെസ്റ്റുകളാണ് ഇതുവരെ ചെയ്തിട്ടുള്ളത്.<br>മാർച്ച് 2013 മുതൽ ഡിസംബർ 2013 - 29,426<br>ജനുവരി 2014 മുതൽ നവംബർ 2014 - 71,888 |
| (സി) | ഇത്തരത്തിലുള്ള പരിശോധനാ കിറ്റുകൾ വാങ്ങി ആരോഗ്യവകുപ്പിന് നൽകാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിനു ശേഷം എത്ര തുക പ്രസ്തുത ഏജൻസിക്ക് നൽകിയെന്ന വിവരം വർഷം തിരിച്ച് വ്യക്തമാക്കുമോ ; | (സി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധനാ കിറ്റുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയാണ് വാങ്ങി വിതരണം ചെയ്യുന്നത്. തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; | (ഡി) | ആരോഗ്യവകുപ്പിൽ ഇതുമായി ബന്ധപ്പെട്ട് വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ല. |
| (ഇ) | നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന മുടങ്ങാൻ കാരണവും, ഇത്തരത്തിൽ ശിശുക്കളോടുള്ള ക്രൂരത കാട്ടിയതും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | നവംബർ 19 -ാം തീയതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. 11.12.2014 -മുതൽ സാമ്പിൾ കളക്ഷൻ ഫോമുകൾ എസ്.എ.റ്റി. ഉൾപ്പെടെയുള്ള ആശുപത്രികളിൽ വിതരണം പുനരാരംഭിച്ചിട്ടുണ്ട്. |
| (എഫ്) | എങ്കിൽ ഇത്തരത്തിലുള്ള ഗുരുതര അനാസ്ഥ പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (എഫ്) | പ്രസ്തുത ടെസ്റ്റിന് ആവശ്യമായ സാമ്പിൾ കളക്ഷൻ ഫോമുകളുടെയും , മറ്റു സാധനസാമഗ്രികളുടെയും വിതരണവും ടെസ്റ്റിംഗും പുനരാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| AS Received on | Funding Agency | Sanctioned Amount (in Rupees) | Amount Received on | Date of Supply Order |
|---|---|---|---|---|
| 05.10.2012 | DHS | 18,50,000 | 17.04.2013 | 12.11.2012 |
| 29.09.2012 | NRHM | 36,00,000 | 04.01.2013 | 12.11.2012 |
| **Sub Total 2012-13** | | **54,50,000** | | |
| 05.06.2013 | NRHM | 77,50,000 | 04.12.2013 | 25.06.2013 |
| 19.09.2013 | DHS | 50,00,000 | 06.01.2014 | 01.10.2013 |
| 16.12.2013 | NRHM | 1,80,00,000 | 25.03.2014 | 31.12.2013<br>11.04.2014<br>&<br>16.07.2014 |
| **Sub Total 2013-14** | | **3,07,50,000** | | |
| 07.08.2014 | DHS | 91,50,000 | 27.10.2014 | 25.09.2014<br>&<br>19.11.2014 |
| **Sub Total 2014-15** | | **91,50,000** | | |
| **Total sanctioned amount so far : ₹. 4,53,50,000** | | | | |

P. [signature]
സെക്ഷൻ ഓഫീസർ